# കേരള സർവകലാശാല

നം. പി.ആർ.185/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## എം.വി.എ ഇൻ പെയിന്റിംഗ്, എം.വി.എ ഇൻ ആർട്ട് ഹിസ്റ്ററി കോഴ്സ്: അപേക്ഷകൾ ക്ഷണിക്കുന്നു

കേരള സർവകലാശാലയുടെ കീഴിലുള്ള രാജാ രവി വർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിലേക്ക് മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സ് ഇൻ പെയിന്റിംഗ്, മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സ് ഇൻ ആർട്ട് ഹിസ്റ്ററി എന്നീ കോഴ്സുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. മേൽ സൂചിപ്പിച്ച കോഴ്സുകളിലേക്കുള്ള അഡ്മിഷൻ സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. വിജ്ഞാപനം നം. Ac.D/3/28043/2017 dtd 7.06.2017 പ്രകാരം എം.വി.എ കോഴ്സുകളിലേക്ക് അപേക്ഷിച്ചിട്ടുള്ളവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.

## കമ്മ്യൂണിക്കേഷൻ സ്കിൽസ് ഇൻ ഇംഗ്ലീഷ് കോഴ്സ്: അപേക്ഷകൾ ക്ഷണിക്കുന്നു

സെന്റർ ഫോർ ഇംഗ്ലീഷ് ലാംഗ്വേജ് ടീച്ചിംഗ് നടത്തുന്ന കമ്മ്യൂണിക്കേഷൻ സ്കിൽസ് ഇൻ ഇംഗ്ലീഷ് എന്ന ഹ്രസ്വ കാല സർട്ടിഫിക്കറ്റ് കോഴ്സിലേക്കുള്ള ആപേക്ഷകൾ ക്ഷണിക്കുന്നു. അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. അപേക്ഷിക്കാനുള്ള അവസാന തീയതി ആഗസ്റ്റ് 25. കെ.യു.എഫിൽ 2500 രൂപ അടച്ച ഫീ റസീപ്റ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കണം. അപേക്ഷാഫോമും വിശദവിവരങ്ങളും വെബ്സൈറ്റിൽ (www.keralauniversity.ac.in) നിന്നോ പാളയത്തുള്ള സെന്റർ ഫോർ ഇംഗ്ലീഷ് ലാംഗ്വേജ് ടീച്ചിംഗിൽ നിന്നോ ലഭിക്കും.

## എം.എസ്സി മാത്തമാറ്റിക്സ് പരീക്ഷ മാറ്റിവച്ചു

കേരള സർവകലാശാല ആഗസ്റ്റ് 23-ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.എസ്സി മാത്തമാറ്റിക്സ് (Computer Programming in C++) പരീക്ഷ ആഗസ്റ്റ് 25-ലേക്ക് മാറ്റിവച്ചിരിക്കുന്നു.

## ഹാൾടിക്കറ്റുകൾ കൈപറ്റണം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം ആഗസ്റ്റ് 21 മുതൽ പാളയം എസ്.ഡി.ഇ കേന്ദ്രത്തിൽ വച്ച് നടത്തുന്ന ഒന്നാം സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് സപ്ലിമെന്ററി പരീക്ഷയുടെ ഹാൾടിക്കറ്റുകൾ ഓഫ്ലൈനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ പാളയം എസ്.ഡി.ഇ കേന്ദ്രത്തിൽ നിന്ന് കൈപറ്റേണ്ടതാണ്. ഓൺലൈനായി അപേക്ഷിച്ച വിദ്യാർത്ഥികൾക്ക് വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

## എം.ബി.എ EVOLV പരീക്ഷ

കേരള സർവകലാശാലയുടെ എം.ബി.എ (2014 സ്കീം റഗുലർ/ഫുൾടൈം, യു.ഐ.എം, ഈവനിംഗ്, ട്രാവൽ ആന്റ് ടൂറിസം) 2015 അഡ്മിഷൻകാരുടെ മൂന്നാം സെമസ്റ്റർ EVOLV പരീക്ഷ ആഗസ്റ്റ് 21 മുതൽ 31 വരെ അതാത് കോളേ

ജുകളിൽ നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
18.08.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**